# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം<br>നം. 713 | 2-11-2011 - ൽ മറുപടിക്ക് |
|---|---|

## പുതിയ വൊക്കേഷണൽ കോഴ്സുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി വിജയദാസ്<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. ബി.ഡി. ദേവസ്സി | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പ് നടത്തുന്ന കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) | നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് പാസ്സായവർക്ക് അതാത് മേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്താൻ സർക്കാർതലത്തിൽ ലഭ്യമാക്കുന്ന സഹായങ്ങൾ വിശദമാക്കാമോ ; | (ബി) | വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സ് പാസ്സായവർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ഉതകുന്ന വിധത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി ട്രെയിനിംഗ് നൽകുന്നതിന് ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും, സംസ്ഥാനത്ത് ഒരു സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൊക്കേഷണൽ എഡ്യൂക്കേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കോഴ്സ് പാസ്സാകുന്നവരിൽ എത്ര പേർ സ്വയംതൊഴിൽ കണ്ടെത്തിയിട്ടുണ്ടെന്ന് പരിശോധിക്കാൻ വകുപ്പ്തലത്തിൽ സംവിധാനമുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല. |

| | | | |
|---|---|---|---|
| ഡി) | വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിൽ കാലഘട്ടത്തിനനുസൃതമായ പുതിയ വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ